(സി) 1. യൂണിവേഴ്സിറ്റി കോളേജ്, തിരുവനന്തപുരം.
2. വിമൻസ് കോളേജ്, തിരുവനന്തപുരം.
3. മഹാരാജാസ് കോളേജ്, എറണാകുളം.
4. വിക്ടോറിയാ കോളേജ്, പാലക്കാട്.
5. ഗവൺമെൻറ് കോളേജ്, ചിറ്റൂർ.
6. ആർട്ട്സ് ആൻറ് സയൻസ് കോളേജ്, കോഴിക്കോട്.
7. ഗവൺമെൻറ് കോളേജ്, മടപ്പള്ളി.
8. ഗവൺമെൻറ് ബ്രണ്ണൻ കോളേജ്, തലശ്ശേരി.
9. പട്ടാമ്പി സംസ്കൃത കോളേജ്.
10. ട്രെയിനിംഗ് കോളേജ്, തൃശ്ശൂർ.
11. ട്രെയിനിംഗ് കോളേജ്, തലശ്ശേരി.
12. ട്രെയിനിംഗ് കോളേജ്, തിരുവനന്തപുരം.
13. കെ. കെ. റ്റി. എം. കോളേജ്, പുല്ലൂറ്റ്.
14. തിരുവനന്തപുരം സംസ്കൃത കോളേജ്, തിരുവനന്തപുരം.
15. തൃപ്പൂണിത്തുറ സംസ്കൃത കോളേജ്.
16. ഗവൺമെൻറ് കോളേജ്, കാസർകോഡ്. എന്നീ കോളേജുകളിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു.

പുതിയ സഹകരണനിയമം

*468 [492] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടിനൽകുമോ :

(എ) സഹകരണനിയമത്തിലെ പോരായ്മകൾ പരിഹരിച്ച് സമഗ്രമായ ഭേദഗതികളോടെ പുതിയ നിയമം കൊണ്ടുവരുവാൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഉദ്ദേശിക്കുന്ന ഭേദഗതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

റവന്യൂവും സഹകരണവും വകുപ്പു മന്ത്രി (ശ്രീ. ബേബി ജോൺ):

(എ) 1969 ലെ കേരള സഹകരണനിയമത്തിലെ വകുപ്പുകൾ ഭേദഗതി ചെയ്യുന്ന കാര്യം ഇപ്പോൾതന്നെ ഗവൺമെൻറിൻെറ പരിഗണനയിലുണ്ട്.

(ബി) പ്രധാനമായും പരിഗണനയിൽ ഉള്ള ഭേദഗതികൾ കാണിക്കുന്ന ഒരു പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്.†

അന്ധ–ബധിര–മൂക വിദ്യാർത്ഥികൾക്കുള്ള ജൂനിയർ ടെക്നിക്കൽ ഹൈസ്കൂൾ

*469 [493] ശ്രീ. എ. എൻ. യൂസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ അന്ധ–ബധിര–മൂക വിദ്യാർത്ഥികൾക്ക് ഹൈസ്കൂൾ വിദ്യാഭ്യാസം ലഭിക്കുവാൻ കേരളത്തിൽ സൗകര്യമില്ലാത്ത ഇന്നത്തെ സാഹചര്യത്തിൽ ആധുനിക ട്രേഡുകളോടുകൂടിയ ഒരു ജൂനിയർ ടെക്നിക്കൽ ഹൈസ്കൂൾ കേരളത്തിൽ തുടങ്ങുവാൻ വേണ്ടുന്ന നടപടി സ്വീകരിക്കുമോ;

† അനുബന്ധം IV.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം IV

[ചോദ്യം നമ്പർ *468 (492) നോക്കുക.]

1. അപ്പക്സ് സൊസൈറ്റിയുടെ നിർവചനം വിപുലപ്പെടുത്തുക.

2. ഒരു കുടുംബത്തിൽപ്പെട്ട ആരെങ്കിലും ഒരു സഹകരണ സംഘത്തിൽ അംഗമാണെങ്കിൽ ആ കുടുംബത്തിലെ മറ്റ് അംഗങ്ങൾക്ക് സംഘത്തിലെ അംഗമാകുന്നതിന് അർഹത ഇല്ലാതാക്കുക.

3. അംഗങ്ങളെ പുറന്തള്ളുന്നതിന് (Expulsion) പ്രത്യേകയോഗം കൂടണമെന്ന വ്യവസ്ഥ മാറ്റുക.

4. റ്റ്രസൻറേറ്റീവ് ജനറൽ ബോഡിയെ നിയമിക്കാനുള്ള വകുപ്പ് സ്പഷ്ടമാക്കുക.

5. ഭരണസമിതികളിൽ പട്ടികജാതി/വർഗ്ഗക്കാർക്ക് പ്രാതിനിധ്യം നൽകുന്നതിന് വ്യവസ്ഥ ചെയ്യുക.

6. ഒരു ഭരംഗത്തിന് പരമാവധി മൂന്നു ഭരണസമിതികളിൽ അംഗമായിത്തുടരാൻ അനുവദിക്കുക.

7. എക്സ് ഒഫീഷ്യോ മെമ്പർമാരെ സഹകരണസംഘത്തിലേക്ക് നോമിനേറ്റ് ചെയ്യുവാൻ രജിസ്ട്രാർക്ക്/സർക്കാരിന് അധികാരം നൽകുക. ഗവൺമെൻറ് നോമിനിക്കും ഒരും തെരഞ്ഞെടുക്കപ്പെട്ട ഡയറക്ടർമാർക്കും തുല്യമായ അവകാശം നൽകുക.

8. വിധി നടത്തുന്നതു സംബന്ധിച്ച് മറ്റു സംസ്ഥാനങ്ങളിലെ സഹകരണസംഘം രജിസ്ട്രാർമാരുടെ അവാർഡുകൾ നടപ്പാക്കുന്നതിന് സഹകരണസംഘം രജിസ്ട്രാരെ അധികാരപ്പെടുത്തുക.

9. അറ്റാദായം വീതിക്കുമ്പോൾ അഗ്രിക്കൾച്ചറൽ സ്റ്റാറ്റബിലൈസേഷൻ ഫണ്ട് ഈടാക്കാൻ വ്യവസ്ഥ ചെയ്യുക.

10. ബോണസ്സും ഗ്രാറ്റുവിറ്റിയും സംബന്ധിച്ച വകുപ്പ് വ്യക്തമാക്കുക.

11. ലിക്വിഡേറ്റ് ചെയ്ത സംഘങ്ങളുടെ അധികഫണ്ട് വിനിയോഗിക്കുന്നതിന് വ്യക്തമായ വ്യവസ്ഥ ഉണ്ടാക്കുക.

12. സംഘങ്ങളിലെ നിയമനം ക്രമീകരിക്കുവാൻ ഗവൺമെൻറിന് അധികാരം നൽകുക.

13. സഹകരണ ട്രൈബ്യൂണലിന് നൽകിയിട്ടുള്ള റിവിഷൻ അധികാരം എടുത്തു കളയുക.

LIBRARY ARCHIVES Kerala Legislative Assembly